**മധുരമായ കുട്ടികളേ - ജ്ഞാനത്തിന്റെ വകുപ്പ് വേറേയാണ്, യോഗത്തിന്റേത് വേറേയാണ്. യോഗത്തിലൂടെ ആത്മാവ് സതോപ്രധാനമാകുന്നു, യോഗത്തിന് വേണ്ടി ഏകാന്തത അത്യാവശ്യമാണ്.**

**ചോദ്യം**-സ്ഥിരമായി ഓർമ്മയിലിരിക്കുന്നതിന്റെ ആധാരമെന്താണ്?
**ഉത്തരം**-നിങ്ങളുടെ പക്കൽ എന്തെല്ലാം ഉണ്ടോ അവയെല്ലാം മറക്കൂ, ശരീരം പോലും ഓർമ്മിക്കരുത്. എല്ലാം ഈശ്വരീയ സേവനത്തിൽ അർപ്പിക്കൂ. ഇത് തന്നെയാണ് പരിശ്രമം. ഈ ത്യാഗത്തിലൂടെ ഓർമ്മ സ്ഥിരമായിരിക്കുന്നു. നിങ്ങൾ കുട്ടികൾ സ്നേഹത്തോടെ ബാബയേ ഓർമ്മിക്കുകയാണെങ്കിൽ ഓർമ്മയിലൂടെ ഓർമ്മ ലഭിക്കും. ബാബയും കറന്റ് തരും. കറന്റിലൂടെ തന്നേയാണ് ആയുസ്സ് വർദ്ധിക്കുന്നത്. ആത്മാവ് എവർഹെൽത്തിയാകുന്നു.

**ഓംശാന്തി**. ഇപ്പോൾ ജ്ഞാനവും യോഗവും- രണ്ട് കാര്യങ്ങളാണ്. ബാബയുടെ പക്കൽ വളരെ വലിയ ഖജനാവുണ്ട്, അത് കുട്ടികൾക്ക് നൽകുകയാണ്. ബാബയേ കൂടുതൽ ഓർമ്മിക്കുന്നവർക്ക് കൂടുതൽ കറന്റ് ലഭിക്കുന്നു കാരണം ഓർമ്മയിലൂടെ ഓർമ്മ ലഭിക്കുന്നു - ഇത് നിയമമാണ് കാരണം ഓർമ്മയാണ് മുഖ്യം. ജ്ഞാനം നല്ല പോലേയുണ്ട്, ഇതിനർത്ഥം ഓർമ്മിക്കുന്നു എന്നല്ല. ജ്ഞാനത്തിന്റെ ഡിപാർട്ട്മെന്റ് വേറേയാണ്. യോഗത്തിന്റേത് വളരെ വലിയ വിഷയമാണ്, ജ്ഞാനത്തിന്റേത് അതിലും കുറഞ്ഞതാണ്. യോഗത്തിലൂടെ ആത്മാവ് സതോപ്രധാനമാകുന്നു കാരണം വളരെ ഓർമ്മിക്കുന്നു. ഓർമ്മയില്ലാതെ സതോപ്രധാനമാകുക അസംഭവ്യമാണ്. കുട്ടികൾ ദിവസം മുഴുവൻ ബാബയേ ഓർമ്മിക്കുന്നില്ല എങ്കിൽ ബാബയും ഓർമ്മിക്കുന്നില്ല. കുട്ടികൾ നല്ല രീതിയിൽ ഓർമ്മിക്കുന്നു എങ്കിൽ ബാബയ്ക്കും ഓർമ്മയിലൂടെ ഓർമ്മ ലഭിക്കുന്നു. ബാബയേ ആകർഷിക്കുന്നു. ഇതും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ് ഇതിനേ നല്ല രീതിയിൽ മനസിലാക്കണം. ഓർമ്മിക്കുന്നതിന് വേണ്ടി വളരെ ഏകാന്തതയും വേണം. അവസാനത്തിൽ വരുന്നവർ ഉയർന്ന പദവി നേടുന്നതിന്റെ ആധാരവും ഓർമ്മയാണ്. അവർക്ക് ഓർമ്മ വളരെ ഉണ്ടാകും ഓർമ്മയിലൂടെ ഓർമ്മ ലഭിക്കുന്നു. കുട്ടികൾ വളരെ ഓർമ്മിക്കുമ്പോൾ ബാബയും വളരെ ഓർമ്മിക്കും. അവർ ആകർഷിച്ച് കൊണ്ടിരിക്കും. പറയാറില്ലേ - ബാബാ ദയകാണിക്കൂ, കൃപ ചെയ്യൂ. ഇതിനും ഓർമ്മ വേണം. നല്ല രീതിയിൽ ഓർമ്മിക്കുകയാണെങ്കിൽ സ്വാഭാവികമായും ആ ആകർഷണമുണ്ടാകും, കറന്റ് ലഭിക്കും. ആത്മാവിന്റെ ഉള്ളിൽ ഞാൻ ബാബയേ ഓർമ്മിക്കുന്നു എന്ന് ഉണ്ടെങ്കിൽ ആ ഓർമ്മ പൂർണമായും സമ്പൂർണമാക്കും. ജ്ഞാനം ധനമാണ്. ഓർമ്മയിലൂടെ വീണ്ടും ഓർമ്മ ലഭിക്കുന്നു, അതിലൂടെ ആരോഗ്യമുള്ളവരാകുന്നു, പവിത്രമാകുന്നു. മുഴുവൻ വിശ്വത്തേയും പവിത്രമാക്കുന്നതിനുള്ള ശക്തി ലഭിക്കുന്നു - അതിനാൽ ബാബാ വന്ന് പതിതരെ പവിത്രമാക്കൂ എന്ന് വിളിക്കുന്നു.

ആളുകൾക്ക് ഒന്നും അറിയില്ല, ബാബയേ അറിയാതെ അതുമിതും ചെയ്തിങ്ങനെ സമയം പാഴാക്കി കൊണ്ടിരിക്കുന്നു. ഭക്തി ചെയ്യുന്നുണ്ട്. ശിവക്ഷേത്രത്തിൽ പോകുന്നു കാശിയിലെ കിണറിൽ ചാടുന്നു എന്നാൽ ഒന്നും ലഭിക്കുന്നില്ല. വീണ്ടും വികർമ്മം ചെയ്യാൻ തുടങ്ങുന്നു. മായ ഉടൻ കുടുക്കുന്നു. പ്രാപ്തി ഒന്നും തന്നേയില്ല. പതിതപാവൻ ബാബയാണെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. ആ ബാബയിൽ സമർപ്പിതമാകണം. അവർ ശിവനും ശങ്കരനും ഒന്ന് തന്നേ എന്ന് മനസിലാക്കുന്നു. ഇതും അജ്ഞാനമാണ്. ഇവിടെ ബാബ വീണ്ടും വീണ്ടും മന്മനാഭവ എന്ന് പറയുന്നു. എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പവിത്രമാകും. നിങ്ങളെ കാലനുമേൽ ജയിക്കുന്നു, ഇതിൽ നിങ്ങൾ പരിശ്രമിക്കുന്തോറും മായ വിഘ്നങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കും കാരണം മായക്കറിയാം ഇവർ ബാബയേ ഓർമ്മിക്കുകയാണെങ്കിൽ എന്നെ ഉപേക്ഷിക്കും എന്ന്, കാരണം നിങ്ങൾ എന്റേതാകുമ്പോൾ എല്ലാം ഉപേക്ഷിക്കേണ്ടി വരുന്നു. മിത്രങ്ങൾ, സംബന്ധികൾ, ധനം ഒന്നിന്റെയും ഓർമ്മ വരരുത്. വടി പോലും ഉപേക്ഷിക്കൂ എന്നൊരു കഥയുണ്ട്. എല്ലാം ഉപേക്ഷിക്കുന്നു, എന്നാൽ ശരീരത്തേ പോലും മറക്കൂ എന്ന് ഒരിക്കലും പറയാറില്ല. ബാബ പറയുന്നു ഈ ശരീരം പഴയതാണ്, ഇതിനേയും മറക്കൂ. ഭക്തി മാർഗത്തിലെ കാര്യങ്ങളും ഉപേക്ഷിക്കൂ. പൂർണമായും എല്ലാം മറക്കൂ അഥവാ എന്തെങ്കിലും ഉണ്ടെങ്കിൽ കാര്യത്തിന് ഉപയോഗിക്കൂ, അപ്പോഴേ ഓർമ്മ നിലനിൽക്കൂ. ഉയർന്ന പദവി നേടണമെങ്കിൽ വളരെ പരിശ്രമിക്കണം. ശരീരത്തിന്റെ ഓർമ്മ പോലും ഉണ്ടാകരുത്. അശരീരിയായി വന്നു അശരീരിയായി പോകണം.

ബാബ കുട്ടികളേ പഠിപ്പിക്കുന്നു, ബാബയ്ക്ക് യാതൊരു ആഗ്രഹവും ഇല്ല. ബാബ സർവ്വീസ് ചെയ്യുകയാണ്. ബാബയിൽ തന്നെയാണല്ലോ ജ്ഞാനമുള്ളത്. ഇത് ബാബയും കുട്ടികളുടെയും ഒരുമിച്ചുള്ള കളിയാണ്. കുട്ടികൾ ഓർമ്മിക്കുന്നു പിന്നെ അച്ഛൻ സർച്ച്ലൈറ്റ് നൽകുന്നു. ആരെങ്കിലും വളരെ ആകർഷിക്കുകയാണെങ്കിൽ ബാബ ലൈറ്റ് നൽകുന്നു. പലരും ആകർഷിക്കുന്നില്ല അതിനാൽ ഈ ബാബയിരുന്ന് അച്ഛനെ ഓർമ്മിക്കുന്നു. ആർക്കെങ്കിലും കുറച്ച് സമയമിരുന്ന് കറന്റ് നൽകേണ്ടതുള്ളപ്പോൾ ഉറക്കം ഉപേക്ഷിക്കുന്നു. ഇന്നയാൾക്ക് കറന്റ് നൽകണം എന്ന ഉത്സാഹത്തിൽ മുഴുകുന്നു. പഠിത്തത്തിലൂടെ ആയുസ്സ് വർദ്ധിക്കുന്നില്ല, കറന്റിലൂടെ ആയുസ് വർദ്ധിക്കുന്നു. എവർ ഹെൽത്തിയാകുന്നു. ലോകത്തി ആരുടെയെങ്കിലും ആയുസ് 125-150 വർഷമുണ്ടാകുകയാണെങ്കിൽ തീർച്ചയായും ആരോഗ്യവാനായിരിക്കും. ഭക്തി വളരെ ചെയ്തിരിക്കും. ഭക്തിയിലും നേട്ടമുണ്ട്, നഷ്ടമില്ല. ഭക്തി ചെയ്യാത്തവരുടെ പെരുമാറ്റവും നല്ലതായിരിക്കില്ല. ഭക്തിയിൽ ഭഗവാനെ വിശ്വാസമുണ്ടായിരിക്കും. ജോലികളിൽ അസത്യമോ പാപമോ ചെയ്യില്ല, ദേഷ്യം വരില്ല. ഭക്തർക്കും മഹിമയുണ്ട്. ഭക്തി എപ്പോൾ തുടങ്ങി എന്ന് ആളുകൾക്കറിയില്ല. ജ്ഞാനത്തേയും അറിയില്ല. ഭക്തിയും ശക്തിശാലിയായിരുന്നു പിന്നീട് ജ്ഞാനത്തിന്റെ പ്രഭാവം ഉണ്ടാകുമ്പോൾ ഭക്തി പൂർണമായും വിട്ട് പോകുന്നു. ഈ സുഖ ദു:ഖം, ഭക്തി ജ്ഞാനം ഇവയുടെ കളി ഉണ്ടാക്കപ്പെട്ടതാണ്.

സുഖവും ദു:ഖവും ഭഗവാൻ തന്നേയാണ് തരുന്നത് എന്ന് മനുഷ്യർ പറയുന്നു, പിന്നെ ആ ഭഗവാനെ സർവ്വവ്യാപീ എന്നും പറയുന്നു. എന്നാൽ സുഖവും ദു:ഖവും വേറെ വേറെയാണ്. ഡ്രാമയേ അറിയാത്തത് കാരണം ഒന്നും മനസിലാകുന്നില്ല. ഇത്രയും ആത്മാക്കൾ ഒരു ശരീരമുപേക്ഷിച്ച് വേറെ എടുക്കുന്നു, ഇത് നിങ്ങൾ തന്നേയാണ് മനസിലാക്കുന്നത്. സത്യയുഗത്തിൽ നിങ്ങൾ ദേഹീ അഭിമാനിയായിരിക്കും എന്നും പറയാൻ കഴിയില്ല. ഇത് ഇപ്പോൾ ബാബയാണ് പഠിപ്പിക്കുന്നത് - ഇങ്ങിനെ ദേഹീഅഭിമാനിയാകൂ. സ്വയം ആത്മാവെന്ന് മനസിലാക്കി ബാബയേ ഓർമ്മിക്കണം. പവിത്രമാകണം. അവിടെ പവിത്ര സുഖധാമമായിരിക്കും. സുഖത്തിൽ ആരും ഓർമ്മിക്കുന്നില്ല. ദു:ഖത്തിലാണ് ഭഗവാനെ ഓർമ്മിക്കുന്നത്. ഡ്രാമയെത്ര വിസ്മയകരമാണെന്ന് നോക്കൂ. ഡ്രാമയേ നിങ്ങളും നമ്പർ ക്രമത്തിൽ തന്നേയാണ് മനസിലാക്കുന്നത്. എഴുതിയിരിക്കുന്ന ഈ പോയന്റുകൾ പ്രഭാഷണം നടത്തുമ്പോൾ വീണ്ടും ഓർമ്മിക്കുന്നതിന് വേണ്ടിയാണ്. ഡോക്ടറും, വക്കീലും എല്ലാം പോയന്റുകൾ എഴുതി വെക്കാറുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ മതം ലഭിച്ചിരിക്കുന്നു പ്രഭാഷണം നടത്തുമ്പോൾ വീണ്ടും ഓർമ്മിക്കേണ്ടതുണ്ട്. ഇദ്ദേഹത്തിലാണ് ബാബയുടെ പ്രവേശനം. ബാബ നിങ്ങൾക്ക് മനസിലാക്കി തരുമ്പോൾ ഇദ്ദേഹവും കേൾക്കുന്നു. ആ പോയന്റുകൾ കേൾപ്പിക്കുന്നില്ലെങ്കിൽ പിന്നെ നിങ്ങൾക്ക് മനസിലാക്കി തരാൻ എനിക്ക് എങ്ങിനെ അറിയും. ബാബ പറയുന്നു - ഇത് വളരെ ജന്മങ്ങൾക്കൊടുവിലുള്ള ജന്മമാണ്. ബ്രഹ്മാവിന്റേയും, വിഷ്ണുവിന്റേയും ചിത്രവും ഉണ്ട്. നമ്പറനുസരിച്ച് മാത്രമാണ് നിങ്ങൾ രാജ്യത്തിൽ പോകുന്നത്. എത്രത്തോളം ഓർമ്മിക്കുന്നുവോ, എത്രത്തോളം ധാരണ ചെയ്യുന്നുവോ അത്രയും പദവി നേടുന്നു. ബാബ പറയുന്നു - ഗുഹ്യമായതിലും ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നു. നിങ്ങൾ പുതിയ പുതിയ പോയന്റുകൾ നോട്ട് ചെയ്യൂ. പഴയത് പ്രയോജനത്തിൽ വരില്ല. പ്രഭാഷണത്തിന് ശേഷം പിന്നീട് ഓർമ്മവരും ഈ പോയന്റ് കൂടി മനസിലാക്കി കൊടുത്തിരുന്നെങ്കിൽ ബുദ്ധിയിൽ നന്നായി ഇരിക്കുമായിരുന്നു എന്ന്. നിങ്ങളെല്ലാവരും ജ്ഞാനത്തിന്റെ സ്പീക്കറാണ്, എന്നാൽ നമ്പർക്രമത്തിൽ. എല്ലാവരിലും നല്ലത് മഹാരഥികളാണ്. ബാബയുടെ മതം വേറിട്ടതാണ്. ഈ ബാബ്ദാദ രണ്ട് പേരും ഒരുമിച്ചാണ്. മമ്മ വളരെ നന്നായി മനസിലാക്കി കൊടുത്തിരുന്നു കുട്ടികൾ സമ്പൂർണ്ണ മമ്മയുടെ സാക്ഷാത്ക്കാരവും ചെയ്തിരുന്നു. അത്യാവശ്യമുണ്ടായിരുന്നപ്പോൾ ബാബയും പ്രവേശിച്ച് തന്റെ ജോലി ചെയ്തിരുന്നു. ഇതെല്ലാം മനസിലാക്കേണ്ട കാര്യമാണ്. പഠിത്തം ഒഴിവ് സമയത്താണ് നടത്തുന്നത്. ദിവസം മുഴുവൻ ജോലികളും മറ്റും ചെയ്യുന്നു.വിചാരസാഗരമഥനം ചെയ്യുന്നതിന് ഒഴിവ് ആവശ്യമാണ്, ശാന്തി വേണം. ആർക്കെങ്കിലും കറന്റ് നൽകണം, നന്നായി സേവനം ചെയ്യുന്ന കുട്ടികളുണ്ട്, അവരേ സഹായിക്കേണ്ടതുണ്ട് എന്ന് കരുതൂ. അവരുടെ ആത്മാവിനെ ഓർമ്മിക്കേണ്ടതുണ്ട്. ശരീരത്തെ ഓർമ്മിച്ച് പിന്നെ ആത്മാവിനെ ഓർമ്മിക്കണം. ഈ യുക്തി രചിക്കണം. സേവന തൽപരരായ കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ അവരെ സഹായിക്കണം. ബാബയേ ഓർമ്മിക്കണം, പിന്നെ സ്വയം ആത്മാവെന്ന് മനസിലാക്കി അവരുടെ ആത്മാവിനേയും ഓർമ്മിക്കണം. ഇത് സർച്ച് ലൈറ്റ് നൽകുന്ന പോലേയാണ്. ഒരു സ്ഥലത്തിരുന്ന് തന്നെ ഓർമ്മിക്കണം എന്നില്ല. നടക്കുമ്പോഴും കറങ്ങുമ്പോഴും ഭോജനം കഴിക്കുമ്പോഴും ബാബയേ ഓർമ്മിക്കൂ. മറ്റുള്ളവർക്ക് കറന്റ് നൽകണം എങ്കിൽ രാത്രിയിലും ഉണർന്നിരിക്കൂ. കുട്ടികൾക്ക് മനസിലാക്കി തരുന്നു - അതിരാവിലെ ഉണർന്ന് എത്രത്തോളം ബാബയേ ഓർമ്മിക്കുന്നുവോ അത്രയും ആകർഷണമുണ്ടാകും. ബാബയും ലൈറ്റ് നൽകും. കുട്ടികൾക്ക് സർച്ച് ലൈറ്റ് നൽകുക എന്നത് ബാബയുടേയും ജോലിയാണ്. ധാരാളം സർച്ച് ലൈറ്റ് നൽകേണ്ടതുള്ളപ്പോഴും ബാബയേ ധാരാളം

ഓർക്കുന്നു. അതിനാൽ ബാബയും സർച്ച് ലൈറ്റ് നൽകുന്നു. ആത്മാവിനെ ഓർമ്മിച്ച് സർച്ച് ലൈറ്റ് നൽകണം. ഈ ബാബയും സർച്ച് ലൈറ്റ് നൽകുന്നു, അതിനാൽ ഇദ്ദേഹത്തിന് നന്ദി പറയൂ, ആശീർവ്വാദം പറയൂ, എന്ത് വേണമെങ്കിലും പറയൂ. സേവനതൽപ്പരരായവർ രോഗിയാകുമ്പോൾ ദയ തോന്നും. രാത്രി ഉണർന്നിരുന്നും ആ ആത്മാവിനെ ഓർമ്മിക്കും കാരണം ആ ആത്മാവിന് ശക്തി ആവശ്യമുണ്ട്. ഓർമ്മിക്കുമ്പോൾ പകരം ഓർമ്മ ലഭിക്കുന്നു. ബാബയ്ക്ക് കുട്ടികളോട് സ്നേഹം കൂടുതലാണ്. ബാബയുടെ ഓർമ്മയും എത്തും. ബാക്കി ജ്ഞാനം സഹജമാണ്, അതിൽ മായയുടെ വിഘ്നം ഉണ്ടാകുന്നില്ല. മുഖ്യമായത് ഓർമ്മയാണ്, അതിലാണ് വിഘ്നമുണ്ടാകുന്നത്. ഓർമ്മയിലൂടെ ബുദ്ധി സ്വർണപ്പാത്രമാകുന്നു, ആ ബുദ്ധിയിലാണ് ധാരണയുണ്ടാകുന്നത്. സിംഹിണിയുടെ പാൽ സ്വർണപ്പാത്രത്തിലാണിരിക്കുക എന്ന് ഒരു ചൊല്ല് തന്നെയുണ്ട്. ഈ ബാബയുടെ ജ്ഞാന ധനത്തിനും സ്വർണ പാത്രം ആവശ്യമാണ്. ഓർമ്മയുടെ യാത്രയിലിരിക്കുമ്പോഴാണ് അതുണ്ടാകുന്നത്. ഓർമ്മിക്കുന്നില്ലെങ്കിൽ ധാരണയും ഉണ്ടാകുന്നില്ല. ബാബ അന്തര്യാമിയാണ് എന്ന് വിചാരിക്കരുത്. എന്തെങ്കിലും പറഞ്ഞു അത് സംഭവിച്ചു – ഇത് ഭക്തിമാർഗത്തിലാണ് ഉണ്ടാകുന്നത്. കുട്ടി ഉണ്ടായാൽ പറയും ഗുരുവിന്റെ കൃപ എന്ന്. ഇല്ലെങ്കിൽ പറയും ഈശ്വരേച്ഛ. രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. നിങ്ങൾ കുട്ടികൾക്ക് ബാബ ഡ്രാമയുടെ രഹസ്യം വളരെ നന്നായി മനസിലാക്കി തന്നിട്ടുണ്ട്. നിങ്ങളും മുമ്പ് അറിഞ്ഞിരുന്നില്ല. ഇത് നിങ്ങളുടെ മർജീവാ ജന്മമാണ്. ഇപ്പോൾ നിങ്ങൾക്കറിയാം ഞങ്ങൾ ദേവതമാരായി കൊണ്ടിരിക്കുന്നു എന്ന്. ഈ ലക്ഷ്മീ നാരായണന് എങ്ങിനെ രാജ്യം ലഭിച്ചു എന്ന വിഷയത്തിൽ നിങ്ങൾക്ക് മനസിലാക്കി കൊടുക്കാൻ സാധിക്കും. പിന്നീട് എങ്ങിനെ നഷ്ടപ്പെട്ടു എന്നും. മുഴുവൻ ഹിസ്റ്ററി ജ്യോഗ്രഫിയും ഞങ്ങൾ നിങ്ങൾക്ക് മനസിലാക്കി തരാം . ഞാൻ ലക്ഷ്മീ – നാരായണന്റെ പൂജ ചെയ്തിരുന്നു, ഗീത പഠിച്ചിരുന്നു എന്ന് ഈ ബ്രഹ്മാവും പറയാറുണ്ട്. ബാബ പ്രവേശിച്ചപ്പോൾ എല്ലാം ഉപേക്ഷിച്ചു. സാക്ഷാത്ക്കാരമുണ്ടായി. ബാബ പറഞ്ഞു – എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ഇതിൽ ഗീത പഠിക്കേണ്ട കാര്യമൊന്നുമില്ല. ബാബ ഇദ്ദേഹത്തിൽ ഇരുന്നു, എല്ലാം വിടുവിച്ചു. ഒരിക്കലും ശിവന്റെ ദർശനത്തിന് വേണ്ടി ക്ഷേത്രത്തിൽ പോയില്ല. ഭക്തിയിലെ കാര്യങ്ങളെല്ലാം പൂർണമായും പറന്ന് പോയി. രചയിതാവിന്റേയും രചനയുടെ ആദി– മദ്ധ്യ– അന്ത്യത്തിന്റേയും ജ്ഞാനം ബുദ്ധിയിൽ വന്നു. ബാബയേ അറിഞ്ഞതിലൂടെ നിങ്ങൾ എല്ലാം മനസിലാക്കി. മനുഷ്യരെ വിസ്മയിപ്പിക്കുന്ന അത്ഭുതകരമായ വിഷയങ്ങൾ എഴുതൂ, കേൾക്കുന്നതിന് വേണ്ടി ഓടും. ലക്ഷ്മീ –നാരായണൻ വിശ്വത്തിന്റെ അധികാരിയായിരുന്നപ്പോൾ മറ്റ് ധർമ്മങ്ങളൊന്നുമുണ്ടായിരുന്നില്ല, ഭാരതം മാത്രമായിരുന്നു പിന്നെ നിങ്ങളെങ്ങിനെ സത്യയുഗത്തിന് ലക്ഷം വർഷങ്ങളുണ്ടെന്ന് പറയും എന്ന് ക്ഷേത്രങ്ങളിൽ ചെന്ന് ആരോടെങ്കിലുമൊക്കെ ചോദിക്കൂ. ക്രിസ്തുവിന് 3000 വർഷം മുമ്പ് സ്വർഗമായിരുന്നു എന്ന് പറയാറുണ്ട്, പിന്നെ എങ്ങിനെ ലക്ഷം വർഷങ്ങൾ എങ്ങിനെ ഉണ്ടായി? ലക്ഷം വർഷങ്ങളിൽ കൊതുകിൻ കൂട്ടം പോലെ അനേകം പേർ ഉണ്ടാകും. കുറച്ച് കാര്യങ്ങൾ കേൾപ്പിക്കുമ്പോൾ തന്നെ അവർ അത്ഭുതപ്പെടും. എന്നാൽ ഈ കുലത്തിലുള്ളവരുടെ ബുദ്ധിയിൽ മാത്രമേ ഈ ജ്ഞാനം ഇരിക്കുകയുള്ളൂ. ഇല്ലെങ്കിൽ ബ്രഹ്മാകുമാരിസിലെ ജ്ഞാനം അത്ഭുതകരമാണ്, ഇത് മനസിലാക്കാൻ ബുദ്ധി വേണം. ഓർമ്മയാണ് മുഖ്യമായ കാര്യം. സ്ത്രീ പുരുഷന്മാർ പരസ്പരം ഓർമ്മിക്കുന്നു. ഈ ആത്മാവ് പരമാത്മാവിനേയാണ് ഓർമ്മിക്കുന്നത്. ഈ സമയം എല്ലാവരും രോഗികളാണ്, ഇപ്പോൾ നിരോഗിയാകണം. ഈ വിഷയവും എടുക്കൂ. നിങ്ങൾ ഇടക്കിടെ രോഗിയാകുന്നുണ്ടെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് ഒരിക്കലും രോഗിയാകാതിരിക്കുന്നതിനുള്ള സഞ്ജീവനീ അമൃത് നൽകാം, ഞങ്ങളുടെ മരുന്ന് ശരിയായി ഉപയോഗികുകയാണെങ്കിൽ മാത്രം, എന്ന് പറയൂ. എത്ര വിലകുറവുള്ള മരുന്നാണ്. സത്യ ത്രേതായുഗത്തിലെ 21 ജന്മങ്ങളിലും രോഗമുണ്ടാകില്ല. അത് സ്വർഗമാണ്. ഇങ്ങിനെ ഇങ്ങിനേയുള്ള പോയന്റുകൾ എഴുതി വെക്കൂ. ഭാവിയിലെ 21 ജന്മത്തേക്ക് നിങ്ങൾ ഒരിക്കലും രോഗിയായി തീരാതിരിക്കാനുള്ള മരുന്ന് നൽകുന്നത് നിങ്ങളുടെ സർജന്മാരേക്കാൾ വലിയ അവിനാശീ സർജനാണ്. ഇപ്പോൾ സംഗമമാണ്. ഇങ്ങിനേയുള്ള കാര്യങ്ങൾ കേട്ട് ആളുകൾ സന്തോഷിക്കും. ഭഗവാൻ തന്നെ പറയുന്നു ഞാൻ അവിനാശീ സർജനാണ് എന്ന്. ഹേ പതിത പാവനാ അവിനാശീ സർജനേ വരൂ എന്ന് ഓർമ്മിക്കുന്നുമുണ്ട്. ഇപ്പോൾ ഞാൻ വന്നിരിക്കുന്നു. നിങ്ങൾ എല്ലാവർക്കും മനസിലാക്കി കൊടുത്തു കൊണ്ടിരിക്കൂ, അന്തിമത്തിൽ എല്ലാവരും തീർച്ചയായും മനസിലാക്കും. ബാബ യുക്തികൾ പറഞ്ഞ് തന്ന് കൊണ്ടിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം -**

1. ബാബയിൽ നിന്ന് സർച്ച് ലൈറ്റ് ലഭിക്കുന്നതിന് അതിരാവിലെ ഉണർന്ന് ബാബയുടെ ഓർമ്മയിൽ ഇരിക്കണം. രാത്രിയിൽ ഉണർന്നിരുന്ന് പരസ്പരം കറന്റ് നൽകി സഹായിയായി തീരണം.

2. തന്റേതെല്ലാം ഈശ്വരീയ സേവനത്തിൽ സഫലമാക്കി, ഈ പഴയ ശരീരത്തെ മറന്ന് ബാബയുടെ ഓർമ്മയിലിരിക്കണം. പൂർണമായും സമർപ്പണം ചെയ്യണം. ദേഹീ അഭിമാനിയായിരിക്കാനുള്ള പരിശ്രമം ചെയ്യണം.

**വരദാനം:- സ്വദർശനചക്രത്തിലൂടെ മായയുടെ സർവ്വ ചക്രങ്ങളെയും സമാപ്തമാക്കുന്ന മായാജീത്തായി ഭവിക്കട്ടെ.**

സ്വയം സ്വയത്തെ അറിയുക അർത്ഥം സ്വയത്തിന്റെ ദർശനം ഉണ്ടാകുക, ഒപ്പം ചക്രത്തിന്റെ ജ്ഞാനത്തെ അറിയുക അതായത് സ്വദർശന ചക്രധാരിയാകുക. എപ്പോൾ സ്വദർശന ചക്രധാരിയാകുന്നുവോ അപ്പോൾ അനേകം മായയുടെ ചക്രങ്ങൾ സ്വതവേ സമാപ്തമാകുന്നു. ദേഹബോധത്തിന്റെ ചക്രം, സംബന്ധത്തിന്റെ ചക്രം, സമസ്യകളുടെ ചക്രം......ഇങ്ങനെ മായയുടെ അനേകം ചക്രങ്ങളുണ്ട്. 63 ജന്മം ഈ അനേക ചക്രങ്ങളിൽ കുടുങ്ങിയിരിക്കേ ഇപ്പോൾ സ്വദർശന ചക്രധാരിയാകുന്നതിലൂടെ മായാജീത്തായി മാറുന്നു. സ്വദർശന ചക്രധാരിയാകുക അർത്ഥം ജ്ഞാന-യോഗത്തിന്റെ ചിറകുകളിലൂടെ പറക്കുന്ന കലയിൽ പോകുക.

**സ്ലോഗൻ:- വിദേഹീ സ്ഥിതിയിലിരിക്കൂ എങ്കിൽ പരിതസ്ഥിതികൾ സഹജമായി ദൂരെയാകും.**